

■ കെ.ടി അബ്ദുര്‍റഹീം
■ സദ്റുദ്ദീന്‍ വാഴക്കാട്

# 'നിങ്ങള്‍ക്ക് ഖുനൂത്ത് ഉണ്ടോ?'

**കായംകുളത്തിനടുത്ത** ക്ലാപ്പനയില്‍ അബ്ദുല്ലത്വീഫ് എന്നൊരു അനുഭാവിയുണ്ടായിരുന്നു. സമ്പന്ന കുടുംബത്തിലെ അംഗമായിരുന്ന അദ്ദേഹത്തെ പരിചയപ്പെട്ടു. അവിടെയും ക്ലാസുകള്‍ നടത്തി.

ഒരിക്കല്‍ അവിടെ ആലപ്പുഴയിലെ ഹമീദ് സാഹിബ് ക്ലാസ്സെടുത്തു. കുറേ പണ്ഡിതന്മാര്‍ കേള്‍ക്കാന്‍ വന്നു. ക്ലാസ്സിനു ശേഷം സംശയം ചോദിക്കാനുള്ള സമയം. ഹമീദ് സാഹിബ് പറഞ്ഞു: 'ഞാന്‍ ആലിം അല്ല. ഫിഖ്ഹും മറ്റും ചോദിച്ചാല്‍ എനിക്ക് പറയാന്‍ കഴിയില്ല. ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് ചോദിച്ചാല്‍ മറുപടി പറയാം.' 'എന്നാല്‍ ആലിം വരട്ടെ. ഞങ്ങള്‍ക്ക് ചിലത് ചോദിക്കാനുണ്ട്' എന്നു പറഞ്ഞ് അവര്‍ പിരിഞ്ഞുപോയി. ഹമീദ് സാഹിബ് എന്നോട് വിവരം പറഞ്ഞു. അടുത്ത ആഴ്ച ഞാന്‍ ചെന്നു ക്ലാസ്സെടുത്തു.

> സുബ്ഹി നമസ്കാരത്തില്‍ രണ്ടാമത്തെ ഇഅ്തിദാലില്‍ ഖുനൂത്ത് ചൊല്ലല്‍ സുന്നത്തുണ്ട് എന്നാണ് ശാഫിഈ മദ്ഹബിന്റെ വീക്ഷണം. അത് ബിദ്അത്താണ് എന്നത്രെ ഹനഫീ മദ്ഹബിന്റെ വീക്ഷണം. നിങ്ങള്‍ ശാഫിഈ മദ്ഹബുകാരനാണെങ്കില്‍ ഓതണം. ഹനഫി മദ്ഹബുകാരനാണെങ്കില്‍ ഓതേണ്ടതില്ല. ഹനഫീ മദ്ഹബില്‍ വിത്റിലാണ് ഖുനൂത്ത് ഉള്ളത്. ശാഫിഈ മദ്ഹബില്‍ റമദാന്‍ പകുതിക്കു ശേഷം വിത്റില്‍ ഖുനൂത്ത് ഓതണം എന്നുണ്ട്. ഇതാണ് ശാഫിഈ -ഹനഫീ വീക്ഷണങ്ങള്‍ തമ്മിലുള്ള വ്യത്യാസം. രണ്ട് മദ്ഹബും ഇസ്‌ലാമിക പണ്ഡിതന്മാര്‍ അംഗീകരിച്ചവയാണ്.

### പണ്ഡിതന്മാരുടെ സംശയങ്ങള്‍

പള്ളിയിലെ മുദര്‍രിസും നാട്ടുകാരായ രണ്ട് മുസ്‌ലിയാക്കന്മാരും ക്ലാസ് കേള്‍ക്കാന്‍ വന്നിരുന്നു. അവരില്‍ അബ്ദുര്‍റഹ്മാന്‍ മുസ്‌ലിയാരെ എനിക്ക് പരിചയമുണ്ട്. ഞാന്‍ 'സമസ്ത'യുടെ മദ്റസയിലായിരുന്നപ്പോള്‍ ഞങ്ങള്‍ പലപ്പോഴും കണ്ടിട്ടുണ്ടായിരുന്നു. അദ്ദേഹം അന്ന് കൊല്ലം മുതരപ്പറമ്പ് മദ്റസയിലെ മുദര്‍രിസായിരുന്നു. അവര്‍ മൂന്നു പേര്‍ക്കുമൊപ്പം പത്തു നാല്‍പത് നാട്ടുകാരും; അവരുടെ അനുയായികളാണ്. ക്ലാപ്പനയിലെ ലത്വീഫ് സാഹിബിന്റെ ഒരു റൂമിലാണ് ക്ലാസ് സംഘടിപ്പിച്ചത്.

ക്ലാസ് കഴിഞ്ഞപ്പോള്‍, സംശയം ചോദിക്കാനുള്ള സമയം. പള്ളിയിലെ മുദര്‍രിസിനെ ക്ലാസ് ആകര്‍ഷിച്ചു. അദ്ദേഹം പറഞ്ഞു: 'നല്ല ക്ലാസ്സാണ്. അല്‍പം കൂടി വിശദീകരിക്കാമായിരുന്നു.' 'വിശദീകരിക്കാന്‍ ഇനിയും ധാരാളമുണ്ട്'- ഞാന്‍ പറഞ്ഞു. മറുത്തൊന്നും പറയാതെ, ഒന്നും ചോദിക്കാതെ അദ്ദേഹം പോകാനിറങ്ങി. സത്യത്തില്‍ ക്ലാസ്സില്‍ അവര്‍ക്ക് ചോദ്യം ചെയ്യാവുന്നതൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ, കൂടെ വന്നവര്‍ വിട്ടില്ല. ഒന്നും ചോദിക്കാതെ പോകുന്നതില്‍ അവര്‍ക്ക് പ്രയാസം. പുറത്തിറങ്ങിയ മുദര്‍രിസും മുസ്‌ലിയാക്കന്മാരും അനുയായികളുടെ നിര്‍ബന്ധത്തിനു വഴങ്ങി തിരിച്ചുവന്നു. എന്തെങ്കിലും ചോദിക്കണമല്ലോ; അണികളെ തൃപ്തിപ്പെടുത്താന്‍ മുദര്‍രിസാണ് ചോദിച്ചത്.

"നിങ്ങള്‍ക്ക് 'ഖദാ' ഉണ്ടോ?" ഗൗരവത്തോടെയായിരുന്നു മുദര്‍രിസിന്റെ ചോദ്യം. 'ഇല്ല'-ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു. സമയത്ത് നമസ്കരിക്കുന്നതിനാല്‍ 'ഖദാ' ആക്കാറില്ല. ശാന്തനായി ഞാന്‍ മറുപടി പറഞ്ഞു. അദ്ദേഹം ചോദ്യം ആവര്‍ത്തിച്ചു. 'ഇല്ലെന്നു പറഞ്ഞല്ലോ'- ഞാന്‍ മറുപടിയും.

"നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്? നമസ്കാരം കൃത്യസമയത്ത് നിർവഹിച്ചില്ലെങ്കിൽ ഖദാ വീട്ടേണ്ടതുണ്ടോ എന്നാണോ?"– ഞാൻ ചോദിച്ചു. മുദർരിസ് അതെയെന്ന് പറഞ്ഞു. "നമസ്കാരം അതതിന്റെ സമയത്തു തന്നെ നിർവഹിക്കണം. പറ്റിയില്ലെങ്കിൽ ഖദാവീട്ടണം, ഖദാ ആക്കാൻ പാടില്ല. ഇതാണ് നമ്മുടെ അഭിപ്രായം"– ഞാൻ വിശദീകരിച്ചു.

## നിങ്ങൾക്ക് ഖുനൂത്ത് ഉണ്ടോ?

അപ്പോൾ രണ്ടാമത്തെ ചോദ്യം: 'നിങ്ങൾക്ക് ഖുനൂത്ത് ഉണ്ടോ?' 'ഉണ്ട്, ഞാൻ ഖുനൂത്ത് നടത്താറുണ്ട്. അല്ലാഹുവിന് വഴിപ്പെട്ട് ജീവിക്കുക എന്നതാണ് ഖുനൂത്ത്, അതുതന്നെയാണ് ഞങ്ങൾ ചെയ്യുന്നതും'. എന്റെ മറുപടി കേട്ടപ്പോൾ മുദർരിസ് വീണ്ടും ചോദിച്ചു: 'അതല്ല, നിങ്ങൾക്ക് ഖുനൂത്ത് ഉണ്ടോ?'. ഞാൻ തിരിച്ചു ചോദിച്ചു: 'സുബ്ഹി നമസ്കാരത്തിൽ ഖുനൂത്ത് ഉണ്ടോ എന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?' 'അതെ'– അദ്ദേഹം പറഞ്ഞു.

"സുബ്ഹി നമസ്കാരത്തിൽ രണ്ടാമത്തെ ഇഅ്തിദാലിൽ ഖുനൂത്ത് ചൊല്ലൽ സുന്നത്തുണ്ട് എന്നാണ് ശാഫിഈ മദ്ഹബിന്റെ വീക്ഷണം. അത് ബിദ്അത്താണ് എന്നത്രെ ഹനഫീ മദ്ഹബിന്റെ വീക്ഷണം. അപ്പോൾ ശാഫിഈ മദ്ഹബിൽ സുബ്ഹിയിൽ ഖുനൂത്ത് ഉണ്ട്. ഹനഫിയിൽ ഇല്ല. അതനുസരിച്ച് നിങ്ങൾ ശാഫിഈ മദ്ഹബുകാരനാണെങ്കിൽ ഓതണം. ഹനഫി മദ്ഹബുകാരനാണെങ്കിൽ ഓതേണ്ടതില്ല. ഹനഫീ മദ്ഹബിൽ വിത്റിലാണ് ഖുനൂത്ത് ഉള്ളത്. ശാഫിഈ മദ്ഹബിൽ റമദാൻ പകുതിക്കു ശേഷം വിത്റിൽ ഖുനൂത്ത് ഓതണം എന്നുണ്ട്. ഇതാണ് ശാഫിഈ-ഹനഫീ വീക്ഷണങ്ങൾ തമ്മിലുള്ളവ്യാത്യാസം. രണ്ട് മദ്ഹബും ഇസ്‌ലാമിക പണ്ഡിതന്മാർ അംഗീകരിച്ചവയാണ്.

"മാത്രമല്ല ഇമാം ശാഫിഈ ഒരിക്കൽ അബൂഹനീഫയുടെ ഖബ്ർ സന്ദർശിച്ചു. അവിടെ വെച്ച് ശാഫിഈ സുബ്ഹി നമസ്കാരത്തിൽ ഖുനൂത്ത് ഓതിയില്ല. അങ്ങ് എന്തുകൊണ്ടാണ് ഖുനൂത്ത് ഓതാതിരുന്നത് എന്ന് അനുയായികൾ ചോദിച്ചു. ഖുനൂത്ത് ഓതൽ ബിദ്അത്താണെന്ന അഭിപ്രായമുള്ള മഹാനായ അബൂഹനീഫയുടെ ഖബ്റിന്റെ അടുത്ത് വെച്ച് ഖുനൂത്ത് ഓതുന്നത് അദബുകേടാണ് എന്ന് മനസ്സിലാക്കിയതിനാലാണ് ഞാൻ അത് ഉപേക്ഷിച്ചത്. ഇതായിരുന്നു ശിഷ്യന്മാർക്ക് ശാഫിഈ നൽകിയ മറുപടി.

ഞാറയിൽകോണം
മഹല്ലിനു പുറമെ ഒമ്പതു
പള്ളികളിൽ മലയാള ഖുത്വ്ബകൾ
നടന്നിരുന്നു.
നിലക്കാമുക്ക്, മണനാക്ക്,
കൊളമുട്ടം, വക്കം കിഴക്ക്,
വക്കം പടിഞ്ഞാറ്,
അഴീക്കോട്,
അഞ്ചലിനടുത്ത
കരുകോൺ,
ഓടയം, മുരുക്കുംപുഴ
എന്നിവിടങ്ങളിലെ
സുന്നീ പള്ളികളിലാണ്
മലയാളത്തിൽ
ഖുത്വ്ബ നടത്തിയിരുന്നത്.

ജമാഅത്തെ ഇസ്‌ലാമിക്ക് ഇതിൽ പ്രത്യേക അഭിപ്രായമില്ല. ശാഫിഈ മദ്ഹബ് അംഗീകരിക്കുന്നവർ ജമാഅത്തെ ഇസ്‌ലാമിയിൽ ഉണ്ട്. അവർ ഖുനൂത്ത് ഓതും. ഹനഫീ മദ്ഹബ് പിന്തുടർന്നവരും ജമാഅത്തെ ഇസ്‌ലാമിയിൽ ഉണ്ട്. അവർ ഖുനൂത്ത് ഓതാറില്ല"– ഞാൻ സാമാന്യം ദീർഘമായ വിശദീകരണം നൽകി.

ഈ സംഭാഷണത്തിൽ ഇടപെട്ടുകൊണ്ട് 'കെ.ടിക്ക് സുബ്ഹി നമസ്കാരത്തിലെ ഖുനൂത്തിന്റെ വിഷയത്തിൽ അഭിപ്രായ വ്യത്യാസമില്ല എന്നു മനസ്സിലായല്ലോ' എന്ന് പറഞ്ഞ് അബ്ദുർറഹ്മാൻ മുസ്‌ലിയാർ സദസ്സിനെ സാന്ത്വനപ്പെടുത്തി. അവർക്ക് പിന്നീടൊന്നും ചോദിക്കാനില്ലായിരുന്നു. നിങ്ങൾ അടുത്ത ക്ലാസ്സിന് വരണമെന്ന് അവരോട് പറഞ്ഞു. ഈ പണ്ഡിതന്മാരിൽ പലരും പിൽക്കാലത്ത് ജമാഅത്തിനോടുള്ള എതിർപ്പുകൾ ഒഴിവാക്കുകയുണ്ടായി. അബ്ദുർറഹ്മാൻ മുസ്‌ലിയാരുടെ മകൻ ജമാഅത്തിന്റെ സഹകാരിയായി മാറുകയും ചെയ്തു.

യാത്ര ചെയ്ത് എത്തുന്ന പള്ളികളിലൊക്കെ ജമാഅത്തിന്റെ പുസ്തകങ്ങൾ നിവർത്തിവെക്കാറുണ്ടായിരുന്നു. ചിലർ വന്ന് വാങ്ങും. 'മൗദൂദി' എന്ന പേര് കാണുമ്പോഴേക്കും മുസ്‌ലിയാക്കന്മാർ എതിർക്കും. പുസ്തകത്തിലെ വിഷയങ്ങൾ വായിച്ച് മനസ്സിലാക്കി, ആശയപരമായി എതിർക്കലായിരുന്നില്ല, മൗദൂദി എന്ന പേരിനോടായിരുന്നു അവർക്ക് എതിർപ്പ്. 'മൗദൂദികൾ' പിഴച്ചവർ എന്നൊരു സമവാക്യം തന്നെ ഒരുകാലത്ത് ഉണ്ടാക്കിയെടുത്തിരുന്നു. നമ്മുടെ പ്രസംഗങ്ങൾ ജനങ്ങൾക്ക് നന്നായി ഇഷ്ടപ്പെടും. വീണ്ടും വീണ്ടും ക്ലാസ്സെടുക്കണം എന്ന് അവർ ആവശ്യപ്പെടും. പിന്നീട് മുസ്‌ലിയാക്കന്മാർ വന്ന് 'ഇവർ മൗദൂദികളാണ്, പിഴച്ചവരാണ്' എന്നു പറഞ്ഞ് കുഴപ്പമുണ്ടാക്കുമ്പോഴാണ് ജനങ്ങൾ അകലുക.


## ക്ലാപ്പനയിലെ വെല്ലുവിളി

ക്ലാപ്പനയിൽ നമ്മുടെ സ്റ്റഡി ക്ലാസ്സുകൾ നടന്നപ്പോൾ ജനങ്ങൾ ഏറക്കുറെ ജമാഅത്ത് അനുഭാവമുള്ളവരായിത്തീർന്നു. അതിന് രണ്ടു കാരണങ്ങളുണ്ടായിരുന്നു. നമ്മുടെ ആശയവും ക്ലാസ്സുകളും അവർക്കിഷ്ടപ്പെട്ടുവെന്നതാണ് ഒന്ന്. ക്ലാപ്പന ലത്വീഫ് സാഹിബാണ് രണ്ടാമത്തെ കാരണം. സമ്പന്നരായ വാലയിൽ കുടുംബാംഗമായിരുന്നു അദ്ദേഹം. പഞ്ചായത്തിന്റെയും മഹല്ലിന്റെയും പ്രസിഡന്റായിരുന്നു ലത്വീഫ് സാഹിബ്; കോൺഗ്രസ് നേതാവും. ലത്വീഫ് സാഹിബിന്റെ പിന്തുണയും സഹായവും ജമാഅത്തിന് കിട്ടിയതോടെയാണ് പ്രദേശത്ത് നമുക്ക് സ്വാധീനം കൈവന്നത്. ചില മുസ്‌ലിയാക്കന്മാർക്ക് അത് അസഹനീയമായിത്തീർന്നു. അവർ മുൻകൈയെടുത്ത് 'സമസ്ത'യുടെ പണ്ഡിതനായിരുന്ന വാണിയമ്പലം അബ്ദുർറഹ്മാൻ മുസ്‌ലിയാരെ പ്രസംഗിക്കാൻ കൊണ്ടുവന്നു. ജമാഅത്തിനെ വിമർശിക്കുന്ന പ്രസംഗപരമ്പര അബ്ദുർറഹ്മാൻ മുസ്‌ലിയാർ ആരംഭിച്ചു. 'ജമാഅത്തിനെ ഞങ്ങൾ വാദപ്രതിവാദത്തിന് വെല്ലുവിളിക്കുന്നുവെന്ന്' അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞു.

ഞാൻ അന്ന് പൊന്നാനിയിലായിരുന്നു. മർഹൂം വാണിയമ്പലത്തിന്റെ വെല്ലുവിളിക്ക് മറുപടി പറയാൻ ക്ലാപ്പനയിൽ ആരുമുണ്ടായിരുന്നില്ല. ലത്വീഫ് സാഹിബ് ഉടൻ തന്നെ അദ്ദേഹത്തിന്റെ 'ജാവ' എന്ന ടൂവീലെറുമെടുത്ത് ക്ലാപ്പനയിൽനിന്ന് പൊന്നാനിയിലെത്തി. വാണിയമ്പലത്തിന്റെ വെല്ലുവിളിയെക്കുറിച്ച് പറഞ്ഞ്, മറുപടി പറയാൻ എന്നോട് കൂടെ ചെല്ലാൻ ആവശ്യപ്പെട്ടു. 'പരസ്യമായ വെല്ലുവിളിയാണ്, നമുക്കതിൽനിന്ന് ഒഴിഞ്ഞുമാറാൻ പറ്റില്ല' എന്നാണദ്ദേഹം



ശംസുദ്ദീൻ ഹരിപ്പാട്



അബ്ദുൽഹകീം കൊല്ലം



മുസ്ത്വഫാ സാഹിബ്

പറഞ്ഞത്. അവരതിന് തയാറാകില്ലെന്നും അഥവാ സമ്മതിച്ചാൽ തന്നെ അതുകൊണ്ട് ഫലമുണ്ടാകില്ലെന്നും ഞാനദ്ദേഹത്തോട് പറഞ്ഞുനോക്കി. പക്ഷേ, ലത്വീഫ് സാഹിബിന് നിർബന്ധം. ഞാൻ പോകാൻ സന്നദ്ധനായി. 'നമുക്ക് എന്തോ ഭീരുത്വമുണ്ട്, നമ്മുടെ ഭാഗത്ത് സത്യമില്ല എന്ന് തെറ്റുധാരണ വന്നെങ്കിലോ, ലത്വീഫ് സാഹിബെങ്കിലും അങ്ങനെ കരുതിയാലോ' എന്നൊക്കെ ചിന്തിച്ചപ്പോഴാണ് എനിക്ക് പോകാൻ തോന്നിയത്. അങ്ങനെ ലത്വീഫ് സാഹിബിന്റെ കൂടെ അപ്പോൾതന്നെ ടൂവീലറിന്റെ പിറകിൽ കയറി പൊന്നാനിയിൽനിന്ന് കൊല്ലം ക്ലാപ്പനയിലേക്ക് യാത്ര തിരിച്ചു. അവിടെയെത്തുമ്പോൾ രാത്രി ഏറെ വൈകിയിരുന്നു. വഅ്ള് തുടങ്ങാനുള്ള ഒരുക്കത്തിലാണവർ; പാതിരാത്രിയാണല്ലോ വഅ്ള് നടക്കുക. വേദിയുടെ കുറച്ചകലെ സ്കൂട്ടർ നിർത്തി, ഞാൻ ലത്വീഫ് സാഹിബിന്റെ വീട്ടിൽ കയറിയിരുന്നു. ലത്വീഫ് സാഹിബ് ചെന്ന് സംഘാടകരെ കണ്ടു; വെല്ലുവിളിച്ചതനുസരിച്ച് ജമാഅത്തിന്റെ ഭാഗത്തുനിന്ന് കെ.ടി അബ്ദുർറഹീം സാഹിബ് വന്നിട്ടുണ്ടെന്ന് അറിയിച്ചു. സംഘാടകർ വാണിയമ്പലം അബ്ദുർറഹ്മാൻ മുസ്‌ലിയാരോട് പറഞ്ഞു. അദ്ദേഹത്തിന്റെ മറുപടി: 'സമസ്ത'യുടെ അനുവാദം ഇല്ലാതെ വാദപ്രതിവാദം നടത്താൻ പറ്റില്ല. എനിക്ക് 'സമസ്ത'യോട് അനുവാദം ചോദിക്കണം'. ഇതു കേട്ടപ്പോൾ ലത്വീഫ് സാഹിബ് തിരിച്ചു ചോദിച്ചു: 'അങ്ങയുടെ വെല്ലുവിളി സ്വീകരിച്ചല്ലേ ഞങ്ങൾ ആളെ

ഹരിപ്പാട് പ്രദേശത്ത് അന്ന് വളരെ കുറച്ച് മുസ്‌ലിംകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും അവിടെ രണ്ട് പള്ളികൾ ഉണ്ടായിരുന്നു. ഒരു പള്ളിയിൽ ഒരു വെള്ളിയാഴ്ച ജുമുഅ നടക്കും, അടുത്ത ആഴ്ച മറ്റേ പള്ളിയിലും. രണ്ടു കുടുംബങ്ങൾ തമ്മിലുള്ള തർക്കമായിരുന്നു ദുഃഖകരമായ ഈ സംഭവത്തിന്റെ കാരണമെന്നു തോന്നുന്നു. രണ്ടു പള്ളികളിലും ഞാൻ മലയാളത്തിൽതന്നെ ഖുത്വ്ബയും, ഇടക്കിടെ ക്ലാസ്സുകളും നടത്തിയിരുന്നു.

കൊണ്ടുവന്നത്. 'സമസ്ത'യുടെ അംഗീകാരമില്ലാതെയാണോ വെല്ലുവിളിച്ചത്? വാദപ്രതിവാദത്തിന് സമസ്തയുടെ അനുവാദം വേണമെങ്കിൽ അത് വെല്ലുവിളിക്കുന്നതിന് മുമ്പേ വാങ്ങേണ്ടിയിരുന്നില്ലേ?' അവർക്ക് മറുപടിയുണ്ടായില്ല. പക്ഷേ, വാദപ്രതിവാദത്തിന് അദ്ദേഹം സന്നദ്ധനായില്ല. മലബാറിലായിരുന്നെങ്കിൽ ഒരുപക്ഷേ അദ്ദേഹം സമ്മതിക്കുമായിരുന്നു. കാരണം ഇവിടെ ഒന്നു പറഞ്ഞ് രണ്ടാമത്തേതിന് കൂവാനും തക്ബീർ ചൊല്ലാനും ആളുണ്ടാവും. ദക്ഷിണ കേരളത്തിൽ അത് നടക്കുമായിരുന്നില്ല. അവിടെ ആളുകൾ ചിന്തിച്ച് കാര്യങ്ങൾ ഗ്രഹിക്കും. ശരി തെറ്റുകൾ മനസ്സിലാക്കിയേ അവർ സ്വീകരിക്കൂ.

### സുന്നി പള്ളികളിലെ മലയാളം ഖുത്വ്ബകൾ

ഞാറയിൽകോണം മഹല്ലിനു പുറമെ ഒമ്പതു പള്ളികളിൽ മലയാള ഖുത്വ്ബകൾ നടന്നിരുന്നു. നിലക്കാമുക്ക്, മണനാക്ക്, കൊളമുട്ടം, വക്കം കിഴക്ക്, വക്കം പടിഞ്ഞാറ്, അഴീക്കോട്, അഞ്ചലിനടുത്ത കരുകോൺ, ഓടയം, മുരുക്കുംപുഴ എന്നിവിടങ്ങളിലെ സുന്നീ പള്ളികളിലാണ് മലയാളത്തിൽ ഖുത്വ്ബ നടത്തിയിരുന്നത്. ഞാറയിൽകോണത്ത് ത്വയ്യിബ് സാർ അധ്യാപകനായി വന്നപ്പോൾ ഇടക്കൊക്കെ അവിടുത്തെ ഖുത്വ്ബ അദ്ദേഹത്തെ ഏൽപിച്ച് ഞാൻ മറ്റു പള്ളികളിൽ ഖുത്വ്ബ നടത്തും. നിലക്കാമുക്കിലേത് സാമാന്യം വലിപ്പമുള്ള മഹല്ല് ജുമുഅത്ത് പള്ളിയായിരുന്നു. മണനാക്ക് ജംഗ്ഷനിലെ പള്ളിയുടെ മുതവല്ലി ഇബ്റാഹീം വക്കം മൗലവിയുടെ ശിഷ്യനായിരുന്നു. വക്കത്ത് രണ്ട് പള്ളിയാണുണ്ടായിരുന്നത്. കിഴക്കേ ജുമുഅത്ത് പള്ളിയും പടിഞ്ഞാറെ പള്ളിയും. കൂളിമുട്ടം സ്വദേശി ഹസൻ മൗലവിയായിരുന്നു ദീർഘകാലം കിഴിക്കേ പള്ളിയിലെ ഖത്വീബ്. അഴീക്കോട് മഹല്ലിൽ അന്ന് 600 ഓളം കുടുംബങ്ങൾ താമസിച്ചിരുന്നു. സുന്നീ പാരമ്പര്യത്തിൽ നടന്നു വന്നവയായിരുന്നു ഈ പള്ളികളെങ്കിലും മലയാളത്തിലായിരുന്നു ഖുത്വ്ബകൾ. എല്ലാ പള്ളികളിലും

ഞാൻ ഖുത്ബ നടത്തിയിട്ടുണ്ട്. പിന്നീട് ഞാറയിൽകോണം, മുരുക്കുംപുഴ പള്ളികൾ ഒഴികെയുള്ളവ നമ്മുടെ കൈ വിട്ടു പോവുകയാണുണ്ടായത്.

കുളത്തൂപ്പുഴയിലെ അക്കാലത്തെ സജീവ പ്രവർത്തകനായിരുന്നു അബ്ദുൽഹകീം സാഹിബ്. ഇപ്പോൾ അദ്ദേഹം ജമാഅത്ത് അംഗമാണ്. മുത്താനയിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ വീട്ടിൽവെച്ച് ബീഡി തെറുക്കുകയും കുളത്തുപ്പുഴയിൽ അത് വിൽക്കുകയും ചെയ്തിരുന്നു. റോഡുവിളയിലെ മുസ്ത്വഫയിലൂടെയാണ് ഞാൻ അബ്ദുൽ ഹകീമിനെ പരിചയപ്പെട്ടത്. കമ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നാണ് അദ്ദേഹം ജമാഅത്തിലേക്ക് വന്നത്. അക്കാലത്ത് മുത്താനയിലെ പള്ളിയിൽ ക്ലാസുകൾ നടത്തിയിരുന്നു. പിന്നീട് അവിടെ മലയാളത്തിൽ ഖുത്ബയും നടത്തി. കുളത്തുപ്പുഴയുടെ അടുത്ത പ്രദേശമാണ് പാലോട്. ഓച്ചിറക്കാരനായ മുഹമ്മമ്മദ്കുഞ്ഞ് സാഹിബ് അന്ന് പാലോട്ടാണ് താമസിച്ചിരുന്നത്. അദ്ദേഹവുമായി ബന്ധപ്പെട്ട് പാലോട് പ്രവർത്തനങ്ങൾ ആരംഭിച്ചു. സ്വാലിഹ് എന്നു പേരുള്ള കച്ചവടക്കാരനുമുണ്ടായിരുന്നു അവിടെ. പാലോട്ടെ നമസ്കാരപള്ളിയിലും സ്വാലിഹിന്റെ വീട്ടിലും ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. പാലോട്ട് ചെന്നാൽ മുഹമ്മദ്കുഞ്ഞ് സാഹിബിന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. രുചികരമായ ഭക്ഷണം ലഭിച്ചിരുന്ന രണ്ടു വീടുകളിൽ ഒന്ന് അദ്ദേഹത്തിന്റേതായിരുന്നു. മറ്റൊന്ന് നിലക്കാമുക്കിലെ സലാം സാറിന്റേതും. മുഹമ്മദ്കുഞ്ഞ് സാഹിബ് ഇപ്പോൾ മഞ്ചേരിയിലാണ് താമസിക്കുന്നത്.

### പെരിങ്ങമ്മലയിലെ ബഹിഷ്കരണം

പാലോട്ടെ പ്രവർത്തകരിലൂടെയാണ് പെരിങ്ങമ്മലയിൽ ജമാഅത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചത്. മുഹമ്മദ് കുഞ്ഞ് സാഹിബിന്റെ ഭാര്യയുടെ കുടുംബം പെരിങ്ങമ്മലയിലാണ്. സുന്നികൾക്ക് സ്വാധീനമുള്ള, പുരോഗമന ചിന്താഗതിക്കാർ കുറഞ്ഞ പ്രദേശമായിരുന്നു പെരിങ്ങമ്മല. ക്ലാപ്പനയിലെ അബ്ദുർറഹ്മാൻ മുസ്ലിയാരായിരുന്നു അവിടുത്തെ ഒരു പള്ളിയിലെ മുദർരിസ്. ജമാഅത്ത് പ്രവർത്തനങ്ങൾക്ക് ശക്തമായ എതിർപ്പാണ് പെരിങ്ങമ്മലയിൽ നേരിടേണ്ടിവന്നത്. ജമാഅത്തിന്റെ ക്ലാസുകൾ തുടങ്ങുകയും കുറേയാളുകൾ അതിൽ ആകൃഷ്ടരാവുകയും ചെയ്തു. അതോടെ അഞ്ചു മഹല്ലുകൾ ചേർന്ന് ജമാഅത്തിനെതിരെ ബഹിഷ്കരണം പ്രഖ്യാപിച്ചു. മർഹൂം വാണിയമ്പലം അബ്ദുർറഹ്മാൻ മുസ്ലിയാരെ കൊണ്ടുവന്ന് ജമാഅത്തിനെതിരെ പ്രസംഗിപ്പിച്ചു. അദ്ദേഹം വെല്ലുവിളിച്ചു. നമ്മുടെ കൂടെയുള്ള ചെറുപ്പക്കാരോട് ഞാൻ പറഞ്ഞു: 'കെ.ടി അബ്ദുർറഹീം ഇവിടെയുണ്ട്. ഞങ്ങൾക്ക് ഞങ്ങളുടെ നിലപാട് വിശദീകരിക്കാൻ അവസരം ലഭിക്കണം. ഈ വിവരം നിങ്ങൾ അവരെ അറിയിക്കണം.' അവർ അപ്രകാരം ചെയ്തെങ്കിലും അദ്ദേഹം അതിന് തയാറായില്ല. മാത്രമല്ല, ബഹിഷ്കരണവും അദ്ദേഹത്തിന്റെ പ്രസംഗവുമെല്ലാം കൂടി രംഗം വളരെയേറെ പ്രക്ഷുബ്ധമാക്കി. ഞാൻ പെരിങ്ങമ്മലയിലെത്തിയാൽ ശാരീരികമായി കൈകാര്യം ചെയ്യാൻ വരെ അവർ തീരുമാനിച്ചു. പക്ഷേ, നമ്മൾ അവരോടൊരിക്കലും ഏറ്റുമുട്ടലിന്റെ വഴി സ്വീകരിച്ചില്ല. ഒരു സംഘർഷത്തിന് ഇടം കൊടുക്കുന്ന രീതിയിലായിരുന്നില്ല നമ്മുടെ പ്രതികരണം.

അയ്യൂബ്ഖാൻ എന്നു പേരുള്ള ചിന്തിക്കുന്ന വിദ്യാസമ്പന്നനായ ഒരു വ്യക്തിയുണ്ടായിരുന്നു പെരിങ്ങമ്മലയിൽ. ധീരനായിരുന്നു അദ്ദേഹം. അലീഗഢിൽ പഠിച്ച ആളായിരുന്നുവെന്നാണ് എന്റെ ഓർമ. മുഹമ്മദ് കുഞ്ഞ് സാഹിബിലൂടെ ഞങ്ങൾ അദ്ദേഹത്തെ പരിചയപ്പെട്ടു, പെരിങ്ങമ്മലയിലെ സമ്പന്നകുടുംബത്തിലെ അംഗമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വീട്ടിൽ ക്ലാസുകൾ സംഘടിപ്പിച്ചു. അദ്ദേഹം പെട്ടെന്ന് തന്നെ ജമാഅത്തിൽ ആകൃഷ്ടനായി. അദ്ദേഹം ഒരു ലൈബ്രറി സ്ഥാപിച്ചു. അവിടെയും ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. ശാരീരിക പീഡനത്തെക്കുറിച്ച് ഭീഷണി വന്നപ്പോൾ 'എന്നെ അറിയിക്കാതെ നിങ്ങൾ ഇവിടെ വരരുത്' എന്നദ്ദേഹം പറഞ്ഞിരുന്നു.

പക്ഷേ, ഭീഷണി നിലനിൽക്കെ കെ.എൻ അബ്ദുല്ലമൗലവിയും ഞാനും ഒരിക്കൽ പാലോട്ട് ചെന്നു. അദ്ദേഹത്തെ അറിയിച്ചിരുന്നില്ല. ഞങ്ങൾ പാലോട്ട് എത്തിയപ്പോൾ ആളുകൾ കൂടി ഞങ്ങളെ ഉപദ്രവിക്കാൻ ശ്രമിക്കുകയായിരുന്നു. വിവരമറിഞ്ഞ് അയ്യൂബ് ഖാൻ സ്ഥലത്തെത്തി. ഞങ്ങൾ അതറിഞ്ഞിരുന്നില്ല. മഹല്ലിലെ പ്രധാനിയും അയ്യൂബ്ഖാന്റെ സഹോദരി ഭർത്താവുമായ അബുസാലിഹ് ഹാജിയോട് ഞങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. 'ജമാഅത്തിന്റെ പ്രവർത്തനം ഇവിടെ പറ്റില്ല. ഇവിടുത്തെ മഹല്ലിൽ ജമാഅത്തിന് ബഹിഷ്കരണം പ്രഖ്യാപിച്ചിട്ടുണ്ട്' എന്ന് അബുസാലിഹ് ഹാജി പറഞ്ഞു. ഉടനെ പിന്നിൽനിന്ന് ഒരു ചോദ്യം: 'അതെപ്പോഴാ മച്ചാ അഞ്ച് മഹല്ല് നിങ്ങൾക്ക് സ്ത്രീധനമായി കിട്ടിയത്? എന്റെ വാപ്പ അത് തന്നിട്ടില്ലല്ലോ!' തിരിഞ്ഞു നോക്കിയപ്പോൾ അയൂബ്ഖാൻ! അപ്പോഴാണ് ഞങ്ങൾ അദ്ദേഹത്തെ കണ്ടത്. 'മഹല്ലിന്റെ തീരുമാനമല്ലേ, നമുക്ക് മറ്റുവഴികൾ നോക്കാം' എന്നുപറഞ്ഞ് ഞങ്ങൾ നയത്തിൽ അയ്യൂബ്ഖാനെയും കൂട്ടി പോന്നു. തർക്കത്തിന് നിന്നാൽ എന്തെങ്കിലുമൊക്കെ പ്രശ്നത്തിലേ അത് അവസാനിക്കൂ. 'നിങ്ങൾ വരുമ്പോൾ എന്നെ അറിയിക്കാതിരുന്നത് എന്തുകൊണ്ടാണ്? ഞാൻ ഇവിടെയുണ്ടായിരിക്കെ നിങ്ങൾക്കെന്തെങ്കിലും സംഭവിച്ചാൽ പിന്നെ ഞാൻ ജീവിച്ചിരുന്നിട്ടെന്തു കാര്യം?' അദ്ദേഹം ചോദിച്ചു. 'ഇപ്പോഴൊന്നും സംഭവിച്ചില്ലല്ലോ' എന്നു പറഞ്ഞ് ഞങ്ങൾ അദ്ദേഹത്തെ സമാധാനിപ്പിച്ചു.

ബഹിഷ്കരണം കുറച്ചു കഴിഞ്ഞപ്പോൾ പിൻവലിച്ചു. പിന്നീട് അവിടെ പ്രസംഗങ്ങൾ നടത്തിയിരുന്നു. ഏകദേശം ഒന്നര വർഷംകൊണ്ട് അവിടുത്തെ അവസ്ഥകളിൽ മാറ്റം വരികയും നമുക്ക് സ്വാധീനം നേടാൻ കഴിയുകയും ചെയ്തു.

### ഹരിപ്പാട്ടെ പള്ളികൾ

യാത്രക്കിടയിലൊരിക്കൽ ഞാൻ ഹരിപ്പാട് പള്ളിയിലെത്തി. അബ്ദുൽ കരീം സാഹിബ്, ശംസുദ്ദീൻ സാഹിബ്, ഉസ്മാൻ സാഹിബ് തുടങ്ങി കുറച്ചു പേരെ പരിചയപ്പെട്ടു. ഹരിപ്പാട് പ്രദേശത്ത് അന്ന് വളരെ കുറച്ച് മുസ്ലിംകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും അവിടെ രണ്ട് പള്ളികൾ ഉണ്ടായിരുന്നു. ഒരു പള്ളിയിൽ ഒരു വെള്ളിയാഴ്ച ജുമുഅ നടക്കും, അടുത്ത ആഴ്ച മറ്റേ പള്ളിയിലും. രണ്ടു കുടുംബങ്ങൾ തമ്മിലുള്ള തർക്കമായിരുന്നു ദുഃഖകരമായ ഈ സംഭവത്തിന്റെ കാരണമെന്നു തോന്നുന്നു. രണ്ടു പള്ളികളിലും ഞാൻ മലയാളത്തിൽതന്നെ ഖുത്ബയും, ഇടക്കിടെ ക്ലാസ്സുകളും നടത്തിയിരുന്നു.

ശംസുദ്ദീൻ സാഹിബ് സാമ്പത്തികമായി അൽപമൊക്കെ സുസ്ഥിതിയുള്ള ആളായിരുന്നു. പിന്നീട് അദ്ദേഹം ജമാഅത്ത് അനുഭാവിയായിത്തീർന്നു. ഹരിപ്പാട് പ്രവർത്തനങ്ങൾക്ക് കാര്യമായ

എതിർപ്പുകളൊന്നും ഉണ്ടായിരുന്നില്ല. ആളുകളുമായി നല്ല ബന്ധമാണ് അവിടെ സ്ഥാപിക്കാൻ കഴിഞ്ഞത്.

ഒരു നോമ്പുകാലം മുഴുവനായും ഞാൻ ഹരിപ്പാട് ഉണ്ടായിരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും മുതിർന്നവർക്കുമൊക്കെ ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. അവിടുത്തെ പ്രധാനിയായിരുന്നു അബ്ദുൽകരീം സാഹിബ്. അദ്ദേഹത്തിന്റെ മക്കൾ നമ്മുടെ ക്ലാസിൽ പങ്കെടുത്തിരുന്നു. ജമാഅത്തിനോട് എതിർപ്പുള്ള ഏതാനുമാളുകളുണ്ടായിരുന്നു അവിടെ. ഞാൻ അവിടെയില്ലാതിരുന്ന ഒരു സന്ദർഭത്തിൽ നടന്ന ചർച്ചയിൽ അവരുടെ പ്രശ്നം പരിഹരിക്കാനായി ബി. കുട്ടിഹസൻ ഹാജിയെ ഹരിപ്പാട് കൊണ്ടുവരാൻ തീരുമാനിച്ചു. അദ്ദേഹം ദക്ഷിണ മേഖലയിൽ നിറഞ്ഞു നിൽക്കുന്ന കാലമായിരുന്നു അത്. 'കുട്ടി ഹസൻ ഹാജി വരുന്ന ദിവസം കെ.ടിയെയും വിളിക്കാം. അഭിപ്രായ വ്യത്യാസങ്ങൾ ചർച്ച ചെയ്യാം' ഇതായിരുന്നു അവരുടെ തീരുമാനം. എന്നോട് വിവരം പറഞ്ഞു. ഞാൻ സമ്മതിച്ചു. കുട്ടിഹസൻ ഹാജിയെകണ്ട് അവർ ഒരു തീയതി നിശ്ചയിച്ചു. അദ്ദേഹം വരാമെന്നേറ്റു; ഞാനും. നിശ്ചയിച്ച ദിവസം പറഞ്ഞ സമയത്തിന് മുമ്പുതന്നെ ഞാൻ എത്തി. പരിപാടികൾ കേൾക്കാൻ ആളുകളും വന്നുതുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ കുട്ടിഹസൻ ഹാജിയുടെ ഒരു ദൂതൻ വന്നു 'കുട്ടി ഹസൻ ഹാജിക്ക് മറ്റൊരു പരിപാടിയുള്ളതു കൊണ്ട് വരാൻ പറ്റില്ല' എന്ന വിവരമറിയിച്ചു. തീരുമാനിച്ച പരിപാടി നടന്നില്ല. വന്നവരെ വെറുതെ മടക്കി അയക്കാതെ ഞാൻ ക്ലാസെടുത്തു. പിന്നീട് കുട്ടിഹസൻ ഹാജിയെ കൊണ്ടുവരാൻ ശ്രമിച്ചെങ്കിലും നടക്കുകയുണ്ടായില്ല.

വർഷങ്ങൾ നീണ്ടുനിന്ന പ്രവർത്തനങ്ങളിലൂടെ ദക്ഷിണ കേരളത്തിലുടനീളം ജനങ്ങളുമായി വ്യാപക ബന്ധം സ്ഥാപിക്കാനും ധാരാളം പുതിയ പ്രവർത്തകരെ ഉണ്ടാക്കിയെടുക്കാനും കഴിഞ്ഞു. നിരവധി സ്റ്റഡിസെന്ററുകൾ സ്ഥാപിച്ചു. ജമാഅത്ത് ഹൽഖകളായിരുന്നില്ല, ഇസ്‌ലാമിക് സ്റ്റഡിസർക്കിളുകളായിരുന്നു ആദ്യം ഉണ്ടാക്കിയിരുന്നത്. ധാരാളം പള്ളികളിലും മഹല്ലുകളിലും സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞതായിരുന്നു പ്രധാന നേട്ടം. ■

(തുടരും)

sadarvzkd@yahoo.co.in